"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച വീടും വീട് നിൽക്കുന്ന സ്ഥലവും കരാർ നിലനിൽക്കെ കൈമാറ്റം ചെയ്ത മങ്ങാട്ട് പടീറ്റതിൽ ശ്രീമതി.മേരി, പള്ളിക്കൽ നടുവിലെമുറി താന്നിക്കൽ കിഴക്കതിൽ ശ്രീമതി.മായ.പി, എന്നിവർക്ക് ബാധ്യത ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.1180/2022/LSGD തീയതി,തിരുവനന്തപുരം, 09-05-2022

---

പരാമർശം:-
1. ശ്രീമതി.മേരി, മരങ്ങാട്ട് പടീറ്റതിൽ, ഓലകെട്ടിയമ്പലം പി.ഒ. യുടെ 24.02.2020-ലെ അപേക്ഷ.
2. ശ്രീമതി.മായ.പി, പള്ളിക്കൽ നടുവിലെമുറി, പള്ളിക്കൽ പി.ഒയുടെ അപേക്ഷ.
3. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.06.2020-ലെ 32(1), 32(2)-ാം നമ്പർ തീരുമാനങ്ങൾ.
4. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2020-ലെ എ1/1250/2020 നമ്പർ കത്തുകൾ.
5. പഞ്ചായത്ത് ഡയറക്ടറുടെ 07.10.2021-ലെ PAN/12884/2020-J2DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ താമസിക്കുന്ന മങ്ങാട്ട് പടീറ്റതിൽ ശ്രീമതി. മേരിക്ക് 2009-10 ൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീട് കരാർ നിലനിൽക്കെ സാമ്പത്തിക ബുദ്ധിമുട്ട് വന്നതിനാൽ കൈമാറ്റം ചെയ്തിരുന്നു. കൂടാതെ ഇതേ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ താമസിക്കുന്ന കിഴക്കതിൽ ശ്രീമതി.മായക്ക് 2009-10ൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീട് കരാർ നിലനിൽക്കെ സാമ്പത്തിക ബുദ്ധിമുട്ട് വന്നതിനാൽ കൈമാറ്റം ചെയ്തിരുന്നു. ഇപ്പോൾ കരാർ കാലാവധിയായ 1 0 വർഷം പൂർത്തിയായതിനാൽ കരാർ നിലനിൽക്കെ വസ്തു കൈമാറ്റം ചെയ്ത നടപടി അംഗീകരിച്ച് കിട്ടുന്നതിനും ബാധ്യത ഒഴിവാക്കിക്കിട്ടുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമുള്ള പരാമർശം 1-ഉം 2-ഉം പ്രകാരമുള്ള അപേക്ഷകൾ പരാമർശം 3 തീരുമാനം സഹിതം ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 4 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.മേരി, ശ്രീമതി.മായ.പി എന്നിവർക്ക് ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ നിന്നും വീട് നിർമ്മിക്കുന്നതിന് ലൈഫ് ഭവന

നിർമ്മാണ പദ്ധതിയിലോ മറ്റ് ഭവന നിർമ്മാണ പദ്ധതിയിലോ ഉൾപ്പെടുത്തി യാതൊരു ആനുകൂല്യവും പിന്നീട് നാളിതുവരെ നൽകിയിട്ടില്ലെന്ന പരാമർശം 5 റിപ്പോർട്ടിന്റെയും പരാമർശം 3 തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. മേരി, ശ്രീമതി.മായ.പി എന്നിവരുടെ നിലവിലെ സാമ്പത്തികസ്ഥിതി, ശാരീരികമായ അവശതകൾ എന്നിവ പരിഗണിച്ചും ബാധ്യത ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/പ്രസിഡന്റ് ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ പി.ഒ., ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പിആർഡി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 10-05-2022 10:43:42**
സെക്ഷൻ ഓഫീസർ